മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി: 14.09.2018

നം. ബി6/73/2018/മെ.വി.കാ

**ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് 2018-2019**
**(പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2018-2019 നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡൈ്‌വൈഫറി കോഴ്സിന് അപേക്ഷിച്ചവരുടെ താൽക്കാലിക റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും ഡി.എം.ഇ യുടെ വെബ്സൈറ്റിലും (**www.dme.kerala.gov.in**) പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിലും ലിസ്റ്റ് പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിനെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ **2018 സെപ്റ്റംബർ 22-ാം** തീയതിയ്ക്കു മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

പ്രസ്തുത കോഴ്സിന്റെ ഫൈനൽ ലിസ്റ്റ് **സെപ്റ്റംബർ മാസം 26-ാം തീയതി** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കോഴ്സിന്റെ ഇന്റർവ്യൂ താഴെപ്പറയുന്ന സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

| തീയതി | സമയം | സ്ഥലം | റാങ്ക് വിവരം |
|---|---|---|---|
| 28/09/2018 | 10 am- 12pm | മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, മെഡിക്കൽ കോളേജ് പി ഒ തിരുവനന്തപുരം | റാങ്ക് 1 മുതൽ 150 വരെയുള്ള പട്ടികജാതി വിഭാഗം പെൺകുട്ടികൾ |
| | 12 pm- 1 pm | | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരും |
| | 2 pm മുതൽ | | 151 മുതൽ റാങ്ക് ലിസ്റ്റിലുള്ള എല്ലാ പട്ടികജാതി വിഭാഗം പെൺകുട്ടികളും എല്ലാ ആൺകുട്ടികളും |

ഇന്റർവ്യൂവിന് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, +2/തത്തുല്യം, ജാതി, സ്വദേശം/താമസം, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നിവ) ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഇന്റർവ്യൂ ദിവസം ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അനുമതി പത്രം (വെബ്സൈറ്റിൽ ലഭ്യമാണ്) പൂരിപ്പിച്ച് ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. കോട്ടയം സർക്കാർ നഴ്സിംഗ്

കോളേജിലെ ആദ്യത്തെ 20 സീറ്റുകളിലേക്ക് എസ്.ടി വിഭാഗം വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ എസ്.സി വിദ്യാർത്ഥികളെ പരിഗണിക്കുകയുള്ളൂ.

വിശദവിവരങ്ങൾക്ക് www.dme.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിങ് എഡ്യൂക്കേഷൻ

പകർപ്പ്:

1. പട്ടികജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം
4. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്
5. സർജന്റ്/നോട്ടീസ് ബോർഡ്

DIRECTORATE OF MEDICAL EDUCATION
KERALA THIRUVANANTHAPURAM